ഉത്തരം

(എ) സംസ്ഥാനത്തെ സിനിമാ തീയേറ്ററുകൾ അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ ഇപ്രകാരം പറയുന്നു. സിനിമാ തീയേറ്ററുകൾ ശനിയാഴ്ച്ചയും ഞായറാഴ്ച്ചയും പൊതു അവധി ദിവസവും രാവിലെ 9 മണിക്ക് മുമ്പായും മറ്റു ദിവസങ്ങളിൽ ഉച്ചക്ക് 1 മണിക്ക് മുമ്പായും തുറന്നു പ്രവർത്തിക്കാൻ പാടില്ല. എല്ലാ ദിവസങ്ങളിലും അടക്കുന്നത് വെളുപ്പിന് 2 മണിക്ക് ശേഷം ആകാൻ പാടില്ല. എന്നാൽ ഇന്നു പൊതുവേ സിനിമാ ശാലകളിൽ കാണികളുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ, പകൽ സമയത്ത് കൂടുതൽ പ്രദർശനങ്ങൾ നടത്തിയാൽ മാത്രമേ സിനിമാശാലകൾ നിലനിൽക്കുകയുള്ളുവെന്നും അതിനാൽ അവധി ദിവസങ്ങളിൽ ഒഴികെ അനുവദിച്ച ഉച്ചക്ക് 1 മണി മുതൽ വെളുപ്പിന് 2 മണി വരെ എന്ന പ്രദർശന സമയം എല്ലാ ദിവസവും രാവിലെ 9 മണി മുതൽ 12.30 മണി വരെ എന്നാക്കി പുതുക്കി നിശ്ചയിക്കണമെന്ന് കേരള സിനി എക്സിബിറ്റേഴ്സ് അസോസിയേഷൻ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 1960-ലെ കേരളാ കടകളും വാണിജ്യസ്ഥാപനങ്ങളും നിയമത്തിലെ തൊഴിലാളികളുടെ ജോലി സമയം, ഇരട്ടി വേതനം തുടങ്ങിയവ സംബന്ധിച്ച വ്യവസ്ഥകൾ തീയേറ്റർ ഉടമകൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുവാൻ വേണ്ടിയാണ് ഇപ്രകാരം ചെയ്യുന്നത്.

(ഡി) ഇല്ല.

ഗൾഫ് ജയിലുകളിലെ മലയാളി തടവുകാർ

164[784] ശ്രീ. കെ അച്ചുതൻ:

,, ഡി. സുഗതൻ:

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:

,, വി. ഡി സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ നിലവിൽ എത്ര മലയാളികളുണ്ട്;

(ബി) ഇവർക്ക് നിയമസഹായം നൽകുന്നതിന് എന്തെങ്കിലും പരിപാടികളുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇവരെ മോചിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളിൽ ആ രാജ്യങ്ങളിൽ ജയിലിലുള്ള ഇന്ത്യാക്കാരുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. ആയതിനാൽ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ നിലവിൽ എത്ര മലയാളികളുണ്ട് എന്ന് അറിയില്ല.

(ബി ആന്റ് സി) ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾക്ക് നിയമസഹായം നൽകുന്ന പദ്ധതികളൊന്നും നിലവിലില്ല.

(ഡി) ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ മോചനത്തിനായി നടപടികൾ സ്വീകരിക്കുന്നതിന് അതാത് രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളുമായി ബന്ധപ്പെട്ട നോർക്ക വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. ഏതെങ്കിലും ഒരു പ്രത്യേക വ്യക്തിയെക്കുറിച്ച് അന്വേഷിക്കേണ്ടി വരുമ്പോൾ അവരുടെ മോചനത്തിനായി ആ രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളുമായി ബന്ധപ്പെട്ട് സഹായം തേടാറുണ്ട്.

വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവരുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള ബുദ്ധിമുട്ടുകൾ

165[785] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. എ. ഇ. തുടങ്ങിയ വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടിപോകുന്നവരുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിലുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുവാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(സി) കാലതാമസം ഒഴിവാക്കാൻ കേന്ദ്ര സർക്കാരുമായി ആലോചിച്ച് പുതിയ സംവിധാനങ്ങൾക്ക് രൂപം നല്കുമോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly